തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

**കോവിഡ്-19**

# നഗരത്തിലെ പുതിയ കണ്ടയിൻമെന്റ് സോണായ പ്രദേശം അടച്ചു..

## വിലക്ക് ലംഘനം : 111 പേർക്കെതിരെ നിയമ നടപടി 16,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- തലസ്ഥാനത്ത് പുതുതായി മൈക്രോ കണ്ടയിൻമെന്റ് സോണായി പ്രഖ്യാപിച്ച കരമന പോലീസ് സ്റ്റേഷൻ പരിധിയിലെ ആറന്നൂർ വാർഡിലേക്ക് കടന്നുവരുന്ന റോഡുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേസമയം കോവിഡ് -19 സുരക്ഷാ നിരീക്ഷണത്തിന്റെ ഭാഗമായി സിറ്റി പോലീസ് ഇന്നലെ (29-10-2020) നടത്തിയ പരിശോധനയിൽ 111 പേർക്കെതിരെ ഇന്നലെ നിയമ നടപടി സ്വീകരിച്ചു. വിവിധ വിലക്ക് ലംഘനങ്ങൾക്ക് 80 പേരിൽ നിന്നും 16,000/- രൂപ പിഴ ഈടാക്കുകയും ചെയ്തതായി കമ്മീഷണർ അറിയിച്ചു.

നഗരത്തിലെ പുതിയ കണ്ടയിൻമെന്റ് സോണായ പ്രദേശം അടച്ചു.

പുതുതായി മൈക്രോ കണ്ടയിൻമെന്റ് സോണായി പ്രഖ്യാപിച്ച കരമന പോലീസ് സ്റ്റേഷൻ പരിധിയിലെ ആറന്നൂർ വാർഡിലേക്ക് കടന്നുവരുന്ന റോഡുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഇവിടേയ്ക്ക് ആരെയും പ്രവേശിക്കാൻ അനുവദിക്കില്ല. മെഡിക്കൽ ആവശ്യങ്ങൾക്ക് അല്ലാതെ ആരെയും പുറത്തേക്ക് വിടുന്നതുമല്ല. മെഡിക്കൽ

സ്റ്റോറുകൾ ഈ സോണിൽ തുറന്ന് പ്രവർത്തിക്കാം. അതുപോലെ പലചരക്ക്, പഴം-പച്ചക്കറി കടകൾ നിശ്ചിതസമയക്രമവും കർശന സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇവിടങ്ങളിൽ യാതൊരുവിധ ഹോം-ഡെലിവറിയും അനുവദിക്കുന്നതല്ല. അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കായി മാത്രമേ പുറത്തു പോകുന്നതിനും അകത്തേക്ക് വരുന്നതിനും അനുവദിക്കുകയുള്ളൂ.

കോവിഡ്-19 കേസ് വിവരം

നഗരത്തിലെ കോവിഡ് രോഗവ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് തിരുവനന്തപുരം സിറ്റി പോലീസ് ഇന്നലെ (29-10-2020) നടത്തിയ പരിശോധനയിൽ 111 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ കണ്ടെത്തിയ 73 പേർക്കെതിരെയും സാമൂഹ്യഅകലം പാലിക്കാതെ കാണപ്പെട്ട 7 പേർക്കെതിരെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 4 വാഹനങ്ങൾക്കെതിരെയും ഇന്നലെ നടപടി സ്വീകരിച്ചു. വിവിധ വിലക്ക് ലംഘനങ്ങൾക്ക് പിടിയിലായവരിൽ നിന്നും 16,000/- രൂപയാണ് പിഴ ഇനത്തിൽ ഈടാക്കിയത്. അതോടൊപ്പം തലസ്ഥാനത്ത് ഇന്നലെ കോവിഡ് സുരക്ഷാ മാർഗ്ഗ നിർദേശങ്ങൾ പാലിക്കാത്ത 27 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരവും കേസെടുത്തു.

കോവിഡ് രോഗവ്യാപനം ദിനംപ്രതി അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യാപാര സ്ഥാപനങ്ങളിൽ പോലീസ് കർശന പരിശോധന നടത്തുമെന്നും മനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന കടകൾ പൂട്ടിയ്ക്കുമെന്നും കമ്മീഷണർ അറിയിച്ചു.

തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

29-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി